**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 145** **16-10-2026-ൽ മറുപടിയ്ക്ക്**

**ജൈവകൃഷി പ്രോത്സാഹനം**

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
|---|---|
| ശ്രീ. വി. ടി. സൂരജ് | ശ്രീ. ടി. സിദ്ദീഖ് |
| ശ്രീമതി ഉമ തോമസ് | (കൃഷി വകുപ്പ് മന്ത്രി) |
| ശ്രീ. സേനാപതി വേണു | |
| ശ്രീ. എം. എം. നസീർ | |

**(എ)** ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ ഉറപ്പാക്കുന്നതിനുമായി 10.02.2010-ലെ സ.ഉ.(അ) നം. 39/2010/കൃഷി പ്രകാരം രൂപീകരിച്ച സംസ്ഥാന ജൈവ കാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജൈവകൃഷിയും ഉത്തമ കൃഷിമുറകളും, കേന്ദ്രാവിഷ്കൃത പദ്ധതികളായ ഭാരതീയ പ്രകൃതി കൃഷി പദ്ധതി (BPKP), നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) എന്നിവ മുഖേന കർഷകർക്ക് വിവിധ ആനുകൂല്യങ്ങളും സഹായങ്ങളും നൽകിവരുന്നു.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് നൽകിവരുന്ന പ്രധാന ആനുകൂല്യങ്ങളും സഹായങ്ങളും ചുവടെ ചേർക്കുന്നു:

1. **സാമ്പത്തിക സഹായം:** ജൈവകൃഷി,, പ്രകൃതികൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ മാർഗനിർദേശങ്ങൾക്കനുസൃതമായി അർഹരായ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും സാമ്പത്തിക സഹായം നൽകിവരുന്നു. ഭാരതീയ പ്രകൃതി കൃഷി പദ്ധതി പ്രകാരം ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ധനസഹായം അനുവദിക്കുന്നുണ്ട്.

2. **ജൈവ ഉൽപ്പാദനോപാധികളുടെ ലഭ്യത:** ജൈവവളങ്ങൾ, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനിയന്ത്രണ ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ ഉൽപ്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നു. നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് പദ്ധതിയുടെ ഭാഗമായി ബയോ ഇൻപുട്ട് റിസോഴ്സ് സെന്ററുകൾക്ക് (BRC) സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

3. **പരിശീലനവും സാങ്കേതിക സഹായവും:** ജൈവകൃഷി, പ്രകൃതികൃഷി, മണ്ണിന്റെ പരിപാലനം, പോഷക പരിപാലനം, കീട-രോഗ നിയന്ത്രണം തുടങ്ങിയ വിഷയങ്ങളിൽ കർഷകർക്ക് പരിശീലനവും സാങ്കേതിക മാർഗനിർദേശവും നൽകുന്നു. പഠനയാത്രകൾ, ശേഷിവർധന പരിപാടികൾ, കിസാൻ മേളകൾ എന്നിവയും സംഘടിപ്പിക്കുന്നു.

4. **ജൈവ സർട്ടിഫിക്കേഷൻ:** ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയുടെ ഭാഗമായി NPOP മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സർട്ടിഫിക്കേഷൻ സൗകര്യങ്ങൾ കൃഷിവകുപ്പ് മുഖേന ലഭ്യമാക്കിവരുന്നു. കൂടാതെ, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയുടെ ഭാഗമായി നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന അർഹരായ കർഷക കൂട്ടായ്മകൾക്ക് PGS-India Organic സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

5. **വില പ്രോത്സാഹനവും വിപണന സഹായവും:** ജൈവ സർട്ടിഫിക്കേഷൻ ലഭിച്ച ഉൽപ്പന്നങ്ങൾക്ക് പദ്ധതിയുടെ വ്യവസ്ഥകൾക്കനുസൃതമായി 10 ശതമാനം വില പ്രോത്സാഹനത്തുക നൽകുന്നതിനുള്ള വ്യവസ്ഥയുണ്ട്. ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ലോജിസ്റ്റിക് സൗകര്യങ്ങൾ ഒരുക്കുന്നതിനും Keralagro-Organic, Keralagro-Green എന്നീ ബ്രാൻഡുകൾ മുഖേന വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

6. **ജൈവ ഉൽപാദന യൂണിറ്റുകൾക്കുള്ള പിന്തുണ:** മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ ഉൾപ്പെടെയുള്ള ജൈവ ഉൽപ്പാദനോപാധികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും ബയോഗ്യാസ് പ്ലാന്റുകൾക്ക് അധിക പിന്തുണ നൽകുന്നതിനും ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയുടെ ഭാഗമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

7. **മാതൃകാ ജൈവകൃഷിത്തോട്ടങ്ങളും വിത്തുൽപാദനവും:** ജൈവ കാർഷിക മിഷന്റെയും പ്രകൃതികൃഷി പദ്ധതികളുടെയും ഭാഗമായി മാതൃകാ ജൈവകൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക, പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്തുൽപ്പാദനം പ്രോത്സാഹിപ്പിക്കുക, കർഷകർ തമ്മിൽ വിത്തുകളുടെ കൈമാറ്റം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും സുരക്ഷിത ഭക്ഷ്യോൽപ്പാദനം ഉറപ്പാക്കുന്നതിനും കർഷകരുടെ വരുമാനവും ജൈവ ഉൽപ്പന്നങ്ങളുടെ വിപണനസാധ്യതയും വർധിപ്പിക്കുന്നതിനുമായി മേൽപ്പറഞ്ഞ പദ്ധതികൾ സംയോജിതമായി നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വ്യവസ്ഥകൾ, അർഹതാ മാനദണ്ഡങ്ങൾ, ലഭ്യമായ ബജറ്റ് വിഹിതം എന്നിവയുടെ അടിസ്ഥാനത്തിലാണ് കർഷകർക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

കൂടാതെ ജൈവകൃഷി ശാസ്ത്രീയമായി ചെയ്യുന്നതിനുള്ള ശാസ്ത്ര-സാങ്കേതിക പരിജ്ഞാനം നൽകുന്ന പരിശീലന പരിപാടികൾ കേരള കാർഷിക സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, സെൻട്രൽ ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്,

കമ്മ്യൂണിക്കേഷൻ സെന്റർ ഉൾപ്പടെയുള്ള എല്ലാ സ്ഥാപനങ്ങൾ വഴിയും സംസ്ഥാനത്ത് ഒട്ടാകെയുള്ള കർഷകർക്കായി നൽകുന്നുണ്ട്.

**(ബി)** കൃഷിക്കാവശ്യമായ ജൈവ വളം, അത്യുല്പാദന ശേഷിയുള്ള വിത്ത്, ജൈവ കീടനാശിനി തുടങ്ങിയവ മിതമായ നിരക്കിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന ജൈവകൃഷിയും ഉത്തമ കൃഷിമുറകളും, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (BPKP), നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) എന്നീ പദ്ധതികളുടെ ഭാഗമായി കർഷകർക്ക് ആവശ്യമായ ജൈവവളങ്ങൾ, ഗുണമേന്മയുള്ളതും ഉയർന്ന മുളപ്പുശേഷിയുള്ളതുമായ വിത്തുകൾ, ജൈവ കീടനിയന്ത്രണ ഉൽപ്പന്നങ്ങൾ എന്നിവയുടെ ലഭ്യത പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ ഉൾപ്പെടെയുള്ള ജൈവ ഉൽപ്പാദനോപാധികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും പ്രകൃതികൃഷിക്ക് ആവശ്യമായ ജൈവ ഉൽപ്പാദനോപാധികൾ പ്രാദേശികമായി ലഭ്യമാക്കുന്നതിനായി ബയോ ഇൻപുട്ട് റിസോഴ്സ് സെന്ററുകൾക്ക് (BRC) സാമ്പത്തിക സഹായം നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൃഷിയ്ക്ക് ആവശ്യമായ ജൈവ വളം, അത്യുല്പാദന ശേഷിയുള്ള വിത്ത്, ജൈവകീടനാശിനി തുടങ്ങിയവ കാർഷിക സർവകലാശാലയുടെ കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ, മൊബൈൽ വിത്തു വണ്ടി മുതലായവ വഴി കർഷകരിലേയ്ക്ക് എത്തിക്കുന്നുണ്ട്. ജൈവവളം, അത്യുല്പാദന ശേഷിയുള്ള വിത്ത്, ജൈവകീടനാശിനി എന്നിവ ഗവേഷണത്തിലൂടെ വികസിപ്പിച്ച് മിതമായ നിരക്കിൽ കേരള കാർഷിക സർവകലാശാലയിലെ വിപണന കേന്ദ്രങ്ങളിലൂടെ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

**(സി)** കേരളത്തിലെ പ്രധാന കാർഷിക വിളകളായ നെല്ല്, തേങ്ങ, റബർ, കുരുമുളക്, വാഴ, മരച്ചീനി തുടങ്ങിയവയുടെ ഉൽപ്പാദനം വർധിപ്പിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കേരളത്തിലെ പ്രധാന കാർഷിക വിളകളായ നെല്ല്, തെങ്ങ്, റബ്ബർ, കുരുമുളക്, വാഴ, മരച്ചീനി എന്നിവയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുന്നതിനായി കൃഷിവകുപ്പിന്റെ വാർഷിക കാർഷിക വികസന പദ്ധതികളിൽ ഉൾപ്പെടുത്തി വിളയധിഷ്ഠിതവും കൃഷിയിടാധിഷ്ഠിതവുമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗുണമേന്മയുള്ള വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ലഭ്യത, ഉൽപ്പാദനോപാധികൾക്കുള്ള സഹായം, ശാസ്ത്രീയ കൃഷിരീതികളുടെ പ്രചാരണം, മണ്ണിന്റെയും വിളകളുടെയും ആരോഗ്യം മെച്ചപ്പെടുത്തൽ, സംയോജിത കീട-രോഗ നിയന്ത്രണം, കാർഷിക യന്ത്രവൽക്കരണം, കർഷക

പരിശീലനം, വിപണന സൗകര്യങ്ങളുടെ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകിവരുന്നു. പ്രധാന വിളകൾക്കായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. **നെൽകൃഷി:** നെൽവികസന പദ്ധതി മുഖേന സുസ്ഥിര നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനുമായി ഗുണമേന്മയുള്ള വിത്തുകളുടെ വിതരണം, കൃഷിക്കാവശ്യമായ ഉൽപ്പാദനോപാധികൾക്കുള്ള സഹായം, തരിശുനിലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കൽ, ഇരുപ്പൂ കൃഷി പ്രോത്സാഹിപ്പിക്കൽ, വിത്തുൽപ്പാദനം, മണ്ണിന്റെയും വേരുകളുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള കുമ്മായ പ്രയോഗം, സൂക്ഷ്മപോഷകങ്ങളുടെ ഉപയോഗം, പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് പിന്തുണ നൽകിവരുന്നു.

2. **തെങ്ങ്:** നാളികേര വികസന പദ്ധതി മുഖേന തെങ്ങുകൃഷിയുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും തെങ്ങിൻതോട്ടങ്ങളുടെ പരിപാലനം മെച്ചപ്പെടുത്തുന്നതിനുമായി ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ലഭ്യത, ശാസ്ത്രീയ വളപ്രയോഗം, സംയോജിത കീട-രോഗ നിയന്ത്രണം, ഇടവിളകൃഷി, ജലസംരക്ഷണം, അനുയോജ്യമായ ജലസേചന രീതികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. **റബ്ബർ:** റബ്ബർ കൃഷിയുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനായി റബ്ബർ ബോർഡിന്റെ ബന്ധപ്പെട്ട പദ്ധതികളും സാങ്കേതിക സേവനങ്ങളും പ്രയോജനപ്പെടുത്തി ഉയർന്ന ഉൽപ്പാദനശേഷിയുള്ള നടീൽ വസ്തുക്കളുടെ ഉപയോഗം, ശാസ്ത്രീയ തോട്ടപരിപാലനം, പുനർനടീൽ, രോഗനിയന്ത്രണം, ശാസ്ത്രീയ ടാപ്പിംഗ് രീതികൾ എന്നിവ സംബന്ധിച്ച സാങ്കേതിക മാർഗനിർദേശവും പരിശീലനവും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

4. **കുരുമുളക്:** സുഗന്ധവ്യഞ്ജന വികസന പദ്ധതി മുഖേന കുരുമുളക് ഉൾപ്പെടെയുള്ള സുഗന്ധവ്യഞ്ജന വിളകളുടെ കൃഷിവിസ്തൃതിയും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുന്നതിനായി മെച്ചപ്പെട്ട ഇനങ്ങളുടെ കൃഷി, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത, നഴ്സറികളുടെ പ്രോത്സാഹനം, ശാസ്ത്രീയ തോട്ടപരിപാലനം, സംയോജിത കീട-രോഗ നിയന്ത്രണം എന്നിവയ്ക്ക് പിന്തുണ നൽകിവരുന്നു.

5. **വാഴ:** പഴവർഗങ്ങളുടെയും മറ്റ് അനുയോജ്യമായ വിളകളുടെയും വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വാഴക്കൃഷിയിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത, ശാസ്ത്രീയ വളപ്രയോഗം, ജലനിർവഹണം, കീട-രോഗ നിയന്ത്രണം, കൃഷിച്ചെലവ് കുറയ്ക്കുന്നതിനുള്ള സാങ്കേതിക മാർഗങ്ങൾ, വിളവെടുപ്പാനന്തര പരിപാലനം, മൂല്യവർധന, വിപണന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

6. **മരച്ചീനി:** കിഴങ്ങുവർഗ വിളകളുടെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനും കൃഷിവൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി മരച്ചീനിയുടെ അനുയോജ്യമായ ഇനങ്ങളുടെ കൃഷി, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത, മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിനുള്ള ശാസ്ത്രീയ കൃഷിരീതികൾ,

സംയോജിത കീട-രോഗ നിയന്ത്രണം, ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

ഇതിനുപുറമേ, കേരളത്തിലെ പ്രധാന കാർഷികവിളകളായ നെല്ല്, തെങ്ങ്, റബ്ബർ, കുരുമുളക്, വാഴ, മരിച്ചീനി തുടങ്ങിയവയുടെ ശാസ്ത്രീയ കൃഷി രീതികൾ, സസ്യപരിപാലനമുറകൾ, കീട-രോഗ പ്രതിരോധ മാർഗ്ഗങ്ങൾ, സംസ്കരണം, മൂല്യ വർധനം തുടങ്ങിയ വിഷയങ്ങളിൽ അനവധി പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. കാർഷിക സർവകലാശാലയുടെ വിവിധ കേന്ദ്രങ്ങൾ മുഖേന നടീൽ വസ്തുക്കൾ, മറ്റു കാർഷികോപാധികൾ എന്നിവ കൃഷിക്കാരിലേയ്ക്ക് എത്തിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**